**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3414** **14-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിൽ ലേബർ ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി വകുപ്പിൽ ലേബർ ഓഫീസർ തസ്തിക നിലവിലുണ്ടോ; എങ്കിൽ നിയമനത്തിനുള്ള യോഗ്യതയും മാനദണ്ഡവും അറിയിക്കാമോ; | (എ) | കൃഷി വകുപ്പിൽ ഒരു ലേബർ വെൽഫെയർ ഓഫീസർ തസ്തിക നിലവിലുണ്ട്. ആയതിന്റെ യോഗ്യതയും മാനദണ്ഡവും പ്രതിപാദിക്കുന്ന സ്പെഷ്യൽ റൂൾസ് 12.02.2021 ലെ സർക്കാർ ഉത്തരവ് (പി)03/2021/Agri പ്രകാരം ഉത്തരവായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>മാനദണ്ഡങ്ങൾ</u>**<br><br>a) കൃഷി വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന, ടി തസ്തികയുടെ താഴ്ന്ന ശമ്പള സ്കെയിലിലുള്ള എല്ലാ കാറ്റഗറിയിലുമുള്ള നിർദ്ദിഷ്ട യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും ബൈ ട്രാൻസ്ഫർ നിയമനം മുഖേന.<br><br>b)വകുപ്പിൽ നിർദ്ദിഷ്ട യോഗ്യതയുള്ള ജീവനക്കാർ ഇല്ലെങ്കിൽ നേരിട്ടുള്ള നിയമനം മുഖേന.<br><br>c) മേൽ എ & ബി ആയി ചേർത്തിട്ടുള്ള വിഭാഗങ്ങളിൽ യോഗ്യരായവർ ഇല്ലെങ്കിൽ ലേബർ വകുപ്പിൽ നിന്നും അന്യത്ര സേവനം മുഖേന.<br><br>**<u>യോഗ്യതകൾ</u>**<br><br><u>ബൈട്രാൻസ്ഫർ</u><br><br>1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി.എ. / ബി.എസ്.സി. / ബി.കോം ബിരുദം.<br><br>2. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ഇൻഡസ്ട്രിയൽ ലോ അല്ലെങ്കിൽ എൽ.എൽ.ബി. ബിരുദം (ലേബർ ലോ |

| | | | |
|---|---|---|---|
| | | | ഓപ്ഷണൽ വിഷയം) / എം.എസ്.ഡബ്ല്യു. ബിരുദാനന്തര ബിരുദം ( ഒരു വിഷയം ലേബർ ലോ)/ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നുള്ള പേഴ്സണൽ മാനേജ്മെന്റ് & ഇൻഡസ്ട്രിയൽ റിലേഷൻസിലുള്ള എം.എ ബിരുദം.<br><br>3. സർക്കാർ സർവ്വീസിൽ 10 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം. ഇതിൽ 4 വർഷത്തിൽ<br><br>കുറയാതെയുള്ള കാലയളവിലെ സേവനം ഫീഡർ കാറ്റഗറികളിൽ ഒന്നിൽ ആയിരിക്കണം.<br><br>**<u>നേരിട്ടുള്ള നിയമനം</u>**<br><br>1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബി.എ. / ബി.എസ്.സി. / ബി.കോം ബിരുദം<br><br>2. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ഇൻഡസ്ട്രിയൽ ലോ അല്ലെങ്കിൽ എൽ.എൽ.ബി. ബിരുദം (ലേബർ ലോ ഓപ്ഷണൽ വിഷയം) / എം.എസ്.ഡബ്ല്യു ബിരുദാനന്തര ബിരുദം ഒരു വിഷയം ലേബർ ലോ) / ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നുള്ള എം.എ. ബിരുദം (പേഴ്സണൽ മാനേജ്മെന്റ് & ഇൻഡസ്ട്രിയൽ റിലേഷൻസ്).<br><br>3.ലേബർ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അംഗീകൃത ഓർഗനൈസേഷനിൽ/വകുപ്പിൽ 4 **വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.** |
| (ബി) | പ്രസ്തുത തസ്തികയിൽ ഇപ്പോൾ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ? | (ബി) | ലേബർ വെൽഫയൽ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് ലേബർ ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു ഉദ്യോഗസ്ഥയെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ